"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബജറ്റ് പ്രവൃത്തി- 2023-24 - തൃശ്ശൂർ ജില്ല -അവിണിശ്ശേരി ഗ്രാമ പഞ്ചായത്ത്- '**അവിണിശ്ശേരി അറക്കത്താഴം പാലം നിർമ്മാണം**' എന്ന പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.164/2026/LSGD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.02.2025-ലെ LSGD/PD/3587/2025-DB7-നമ്പർ കത്ത്
2. തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11.04.2025-ലെ D2-bdgt/2025-നമ്പർ കത്ത്
3. 11.4.2025 ലെ സ.ഉ(അച്ചടി) നം 48/2025/ധന സർക്കാർ ഉത്തരവ്
4. 27.06.2025-ലെ സ.ഉ.(സാധാ.)നം.1605/2025/ത.സ്വ.ഭ.വ.
5. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.08.2025-ലെ LSGD/PD/3587/2025-DB7-നമ്പർ കത്ത്

ഉത്തരവ്

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രവൃത്തികളിൽ അനുബന്ധം II, വാല്യം II, ക്രമനമ്പർ 2687 പ്രകാരം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള അവിണിശ്ശേരി അറക്കത്താഴം പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ D.S.R.-2018-പ്രകാരം തായാറാക്കി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുബന്ധം II, വാല്യം II- ക്രമ നം.2687 ആയി 500 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതുമായ തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **"അവിണിശ്ശേരി അറക്കത്താഴം പാലം നിർമ്മാണം"** എന്ന പ്രവൃത്തിക്ക് 352 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് D.S.R.-2021-നിരക്കിലേക്കു മാറ്റുമ്പോൾ ടി പദ്ധതി നടപ്പിലാക്കാൻ 3,89,40,000/- രൂപ ആവശ്യവുമായി വരുന്നതിനാൽ D.S.R.2021-പ്രകാരം തയാറാക്കിയ ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (5) പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. D.S.R.2018 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പരാമർശം (4) പ്രകാരം 352 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ **"അവിണിശ്ശേരി അറക്കത്താഴം പാലം നിർമ്മാണം"** എന്ന പ്രവൃത്തിക്ക്, D.S.R.-2021 പ്രാബല്യത്തിൽ വന്നതിനാൽ

D.S.R.-2021 പ്രകാരം തയ്യാറാക്കിയ 3,89,40,000/- രൂപയുടെ ( മൂന്ന് കോടി എൺപത്തിയൊമ്പത് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റിന്മേൽ പുതുക്കിയ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP)-എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.(E:3078469/DEV-3/64/2025-Fin dated 07.01.2026) (AS/LGD/25/48027)
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
കരുതൽ ഫയൽ. (DB2/103/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 21-01-2026 14:17:03
സെക്ഷൻ ഓഫീസർ